# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 15-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

524)പ്ളാസ്റ്റിക് ഉപയോഗം നിരോധിച്ചു കൊണ്ടുള്ള ഉത്തരവ്
525)ആയുർവേദ മരുന്നുകളെപ്പറ്റി ഗവേഷണം
526)ഭൂമി വില നിർണ്ണയിക്കാനും വിജ്ഞാപനം ചെയ്യാനും നടപടി
527)വൃക്ക തട്ടിപ്പിനെക്കുറിച്ച് അന്വേഷണം
528)ബ്ളോക്കുകളുടെ അതിർത്തി പുനർനിർണ്ണയം
529)സ്ത്രീപീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം
530)ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി
531)ആയുർവേദ-യുനാനി മരുന്ന് വിതരണം
532)ഓംബുഡ്സ്മാന് ലഭിച്ച പരാതികൾ
533)പാൻ മസാലയുടെ ഉപയോഗം കർശനമായി തടയാൻ നടപടി
534)മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊുവരുന്ന നടപടികൾ
535)ആയുർവേദമരുന്നിന്റെ കയറ്റുമതി
536)പശ്ചാത്തല വികസനത്തിന് സ്വകാര്യ പങ്കാളിത്തം
537)തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസനത്തിൽ സ്വകാര്യ പങ്കാളിത്തം
538)പോലീസിന്റെ പ്രവർത്തനം വിലയിരുത്താൻ സംവിധാനം
539)ലക്ഷം വീട് പദ്ധതി പ്രകാരം നൽകിയ വീടുകൾ
540)സബ്രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി
541)ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകൾ
542)ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയാൻ നടപടി
543)സമഗ്ര പരിസ്ഥിതി നയം
544)ശാസ്ത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നേടിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനം
545)എയിഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ
546)ഗോ ശ്രീ പദ്ധതി
547)വികസന പദ്ധതികൾ സംബന്ധിച്ച സാദ്ധ്യതാ പഠനത്തിനുള്ള കൺസൽട്ടന്റുമാരുടെ നിയമനം
548)ഖാദി ബോർഡിൽ നിന്ന് നൽകുന്ന ലോണുകൾ
549) താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് മാനസീകാരോഗ്യ ചികിത്സാ വാർഡുകൾ
550)അന്തർസംസ്ഥാന നദീജല കരാറുകൾ
551)പോലീസിന്റെ പ്രവർത്തനം അവലോകനം ചെയ്യാൻ പ്രത്യേക ബോർഡ്
552)ബിൽഡിംഗ് റൂൾ ലംഘിച്ച് നിർമ്മിച്ച ഭവനങ്ങൾക്ക് നിയമസാധുത നൽകാൻ നടപടി
553)എൻഡോസൾഫാൻ കീടനാശിനി തളിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ

### പ്ളാസ്റ്റിക് ഉപയോഗം നിരോധിച്ചു കൊണ്ടുള്ള ഉത്തരവ്

*524. ശ്രീ. എ.സി. ഷൺമുഖദാസ് :
ശ്രീ. കെ.പി. മോഹനൻ :
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ളാസ്റ്റിക് ഉപയോഗം വർദ്ധിച്ച് വരുന്നതായും ആയതിന്റെ ഫലമായി പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നതുമായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ളാസ്റ്റിക്ക് ബാഗുകളും മറ്റും ഉപയോഗിക്കുന്നത് ഗവൺമെന്റ് നിരോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ ഗവൺമെന്റ് എത്ര ശതമാനം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള ( തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം 1999 സെപ്തംബറിൽ വിജ്ഞാപനം ചെയ്ത 'റീസൈക്കിൽഡ് പ്ളാസ്റ്റിക്സ് മാനുഫാക്ചർ ആന്റ് യൂസേജ്, റൂൾസ്' അനുസരിച്ച് 20 മൈക്രോണിൽ താഴെ കനമുള്ള (തനതായതും പുനരുപയോഗം ചെയ്തതുമായ പ്ളാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളത്) പ്ളാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണവും ഉപയോഗവും രാഷ്ട്രവ്യാപകമായി നിരോധിച്ചിട്ടുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2002 സെപ്റ്റംബർ 24-ാം തീയതി പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം, പ്ളാസ്റ്റിക് ക്യാരി ബാഗുകളും പ്ളാസ്റ്റിക് ഷീറ്റുകളും അലങ്കാര പ്രദർശനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

കൂടാതെ 40 മൈക്രോണിൽ താഴെ കനമുള്ള പ്ളാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം സംബന്ധിച്ച വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശുപാർശ അനുസരിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ക്യാരി ബാഗുകൾ നിബന്ധനപ്രകാരമുള്ളതാണ് എന്ന് ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തു നിന്നും വരുന്ന ക്യാരി ബാഗുകൾ നിബന്ധനപ്രകാരമുള്ളതാണോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

## ആയുർവേദ മരുന്നുകളെപ്പറ്റി ഗവേഷണം

*325. ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആയുർവേദ കോളേജുകളുടെ ആഭിമുഖ്യത്തിൽ ആയുർവേദ മരുന്നുകളെപ്പറ്റി എന്തെല്ലാം ഗവേഷണങ്ങൾ നടത്തുന്നുണ്ട് ;

(ബി) ആയുർവേദ മരുന്നുകളെപ്പറ്റി ഗവേഷണം നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റിനോ കേന്ദ്ര ഗവൺമെന്റിനോ എന്തെങ്കിലും പദ്ധതികളുണ്ടോ ;

(സി) ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു പദ്ധതിയുമില്ലാത്തപക്ഷം ആയതിലേക്കായി പദ്ധതി ആരംഭിക്കുവാൻ സത്വര നടപടി കൈക്കൊള്ളുമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ ( ആരോഗ്യ വകുപ്പുമന്ത്രി) :**

ഡ്രഗ്സ് സ്റ്റാൻഡാർഡൈസേഷൻ യൂണിറ്റിൽ സിംഗിൾ ഡ്രഗ്സ് ഫോർമുലേഷൻസ് ഇവയുടെ സ്റ്റാൻഡാർഡൈസേഷനെ കുറിച്ച് ഗവേഷണങ്ങൾ നടക്കുന്നു.

(ബി) ആയുർവേദ മരുന്നുകളെപ്പറ്റി ഗവേഷണം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് എക്സ്ട്രാ റൂറൽ റിസർച്ച് പദ്ധതിപ്രകാരം ഗവേഷണത്തിന് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന് നിലവിൽ ധനസഹായ പദ്ധതികൾ ഇല്ല.

(സി) ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു.

## ഭൂമി വില നിർണ്ണയിക്കാനും വിജ്ഞാപനം ചെയ്യാനും നടപടി

*526. ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ.കെ.കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി ഇടപാടുകളിൽ വസ്തു വില കുറച്ചു കാണിക്കുന്നതുകൊണ്ട് സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഈ പ്രവണത ഒഴിവാക്കാൻ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലെ ഭൂമിവില നിർണ്ണയിക്കാനും ആയത് വിജ്ഞാപനം ചെയ്യാനും നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. സി.എഫ്.തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) :**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആധാരത്തിൽ വില/പ്രതിഫലം കുറച്ച് കാണിക്കുന്ന ആധാരം സംബന്ധിച്ച് 1959-ലെ മുദ്രപത്ര നിയമത്തിലെ സെക്ഷൻ 45 ബി പ്രകാരം സബ് രജിസ്ട്രാർമാർ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭൂമിയുടെ ന്യായവില നിർണ്ണയിക്കൽ നടപടി നടന്നുവരുന്നു. കരട് ന്യായവില പ്രസിദ്ധീകരിക്കുന്ന ജോലി ശേഷിക്കുന്നു.

## വൃക്ക തട്ടിപ്പിനെക്കുറിച്ച് അന്വേഷണം

*527. ഡോക്ടർ തോമസ് ഐസക് :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടന്ന വൃക്ക തട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതു രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതു സംബന്ധിച്ച് പോലീസ് നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പോലീസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടോ ;

(ഇ) ആരോഗ്യവകുപ്പ് പ്രസ്തുത റിപ്പോർട്ടിൻമേൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) അന്വേഷണം നടത്തിയിട്ടുണ്ട്. വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട് .

(സി) പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർ എന്നു കണ്ടവർക്കെതിരെ കോഴിക്കോട് ഒന്നാംക്ളാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ 'അപ്രോപ്രിയേറ്റ് അതോറിറ്റി' എന്ന നിലയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു കേസ് കേരള ഹൈക്കോടതിയിൽ നിലവിലുള്ള സാഹചര്യത്തിൽ കോപ്പി ലഭ്യമാക്കുന്നത് ഉചിതമാണെന്ന് കരുതുന്നില്ല.

(ഡി) 'അപ്രോപ്രിയറ്റ് അതോറിറ്റി' എന്ന നിലയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് പോലീസ് റിപ്പോർട്ട് അഭിപ്രായത്തിനായി നൽകിയിരുന്നു.

(ഇ) കുറ്റക്കാർ എന്ന കണ്ടെത്തിയവർക്കെതിരെ 'അപ്രോപ്രിയറ്റ് അതോറിറ്റി' കോഴിക്കോട് ഒന്നാം ക്ളാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു വൃക്കദാതാവ് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസും നിലവിലുണ്ട്. സംസ്ഥാന സർക്കാർ ഈ കേസിൽ എതിർ സത്യവാങ്മൂലം നൽകി. കോടതി കേസുകളിൽ അന്തിമ വിധി വന്നതിനുശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## ബ്ളോക്കുകളുടെ അതിർത്തി പുനർനിർണ്ണയം

*528. ശ്രീ. പി.കെ.കെ.ബാവ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം നൽകുമോ:

(എ) കേരളത്തിലെ റൂറൽ ഡവലപ്മെന്റ് ബ്ളോക്കുകളുടെ അതിർത്തി പുനർനിർണ്ണയം ചെയ്യുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ജനസംഖ്യ, വിസ്തീർണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ബ്ളോക്കുകൾ പുനർനിർണ്ണയം ചെയ്യുമ്പോൾ പുതിയ ബ്ളോക്കുകൾ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ് തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) :**

(എ) പരിഗണനയിലില്ല.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല

(സി) 'ബി' പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സ്ത്രീപീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം

*529. ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്ത്രീപീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സ്ത്രീ പീഡന കേസുകളിൽ നീതിപൂർവ്വകവും നിഷ്പക്ഷവുമായ അന്വേഷണം ഉണ്ടാകുന്നില്ലെന്ന നിയമസഭാസമിതിയുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പോലീസുകാർ പ്രതികളാകുന്ന സ്ത്രീപീഡനക്കേസുകളിൽ പല കാരണങ്ങൾ പറഞ്ഞ് കേസ് നീട്ടിക്കൊണ്ടുപോവുകയും ഒടുവിൽ പ്രതിയെ കുറ്റവിമുക്തമാക്കുന്നതിന് പോലീസ് ഒത്താശ ചെയ്തുകൊടുക്കുന്നതുമായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 25.6.1996-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 5494/96 ജി.എ.ഡി. പ്രകാരം തിരുവനന്തപുരം, ആസ്ഥാനമാക്കി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു വനിതാസെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 17 ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധിച്ചും, ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.യുടെ ചുമതലയിൽ ഓരോ വനിതാസെല്ലും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമെ ചാർജിംഗ് അധികാരത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ 3 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മറ്റ് എല്ലാ പോലീസ് ജില്ലകളിലും ഹെഡ്ക്വാർട്ടർ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് വനിതാ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു

(ബി) ഇക്കാര്യം മാധ്യമങ്ങളിൽ വന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധികാരികമായ സമിതി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) പോലീസുകാർ പ്രതികളായ സ്ത്രീപീഡന കേസുകളിൽ നീതിയുക്തമായ അന്വേഷണം നടക്കുന്നുണ്ട്. ഇത്തരം കേസുകളിൽ പ്രതികളെ കുറ്റവിമുക്തമാക്കുന്നതിന് പോലീസ് ഒത്താശ ചെയ്തുകൊടുക്കുന്നതായിശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീപീഡനക്കേസുകളിൽ പ്രതികളാകുന്ന പോലീസുകാർക്കെതിരെ കർശന നിയമ നടപടികളും വകുപ്പുതല ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു.

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

*530. പ്രൊഫ. എ.ഡി. മുസ്തഫ :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം.എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനത്തിലുള്ള ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) ആസവങ്ങൾ, അരിഷ്ടങ്ങൾ ലേഹ്യങ്ങൾ എന്നിവയിൽ നിർദ്ദിഷ്ട മരുന്നുകൾ വേണ്ട അളവിൽ ചേർത്തിട്ടുണ്ടോ എന്നറിയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(ഡി) ശരിയായ രീതിയിലല്ലാതെ ആയുർവേദ മരുന്നുകൾ തയ്യാറാക്കി വിൽക്കുന്നവരുടെ ആയുർവേദ മരുന്നുകൾക്ക് ഡ്രഗ്സ് കൺട്രോളർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ)&(ബി) ഉണ്ട്. വിൽപ്പനക്കായി ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നതിന് 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ വ്യവസ്ഥകൾപ്രകാരം നൽകുന്ന ലൈസൻസ് ആവശ്യമാണ്. ഇതുപ്രകാരം എല്ലാ ഔഷധ നിർമ്മാണ യൂണിറ്റുകളിലും നിർദ്ദിഷ്ട യോഗ്യതയുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനവും മേൽനോട്ടവും ഔഷധ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും

ആവശ്യമാണ്. ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ 'ടി' യിൽ 'ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് ഫോർ ആയുർവേദിക്, സിദ്ധ ആന്റ് യുനാനി മെഡിസിൻസ്' എന്ന ഭേദഗതി ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടോ എന്നുള്ളത് ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്.

(സി) ആസവങ്ങൾ, അരിഷ്ടങ്ങൾ, ലേഹ്യങ്ങൾ എന്നിവയിൽ നിർദ്ദിഷ്ട മരുന്നുകൾ വേണ്ട അളവിൽ ചേർത്തിട്ടുണ്ടോ എന്നറിയുവാൻ ലാബറട്ടറി പരിശോധനകൾ കൊണ്ട് സാദ്ധ്യമല്ല. ആയുർവേദവുമായി ബന്ധപ്പെട്ട ആധികാരിക ഗ്രന്ഥങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണരീതി അനുസരിച്ച് ഔഷധങ്ങളിൽ നിർദ്ദിഷ്ട മരുന്നുകൾ കൃത്യമായ അളവിൽ ചേർക്കേണ്ടതാണ്. നിർമ്മാണ യൂണിറ്റുകളിൽ നിയമപ്രകാരം സൂക്ഷിക്കേണ്ട രേഖകളും നിർമ്മാണരീതിയും പരിശോധിച്ച് ഇത് ഉറപ്പു വരുത്തുന്നുണ്ട്.

(ഇ) (ഡി) ശരിയായ രീതിയിലല്ലാതെ ഔഷധ നിർമ്മാണം നടത്തുന്നതായി കണ്ടെത്തുന്ന കേസുകളിൽ നിർമ്മാതാവിനെതിരെ 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ആയുർവേദ-യുനാനി മരുന്ന് വിതരണം

*531. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം.പി. ഗംഗാധരൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര കുടുംബാരോഗ്യ മന്ത്രാലയത്തിന് പ്രജനന ശിശു ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്കും കുട്ടികൾക്കും ആയുർവേദ-യുനാനി മരുന്നു നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ ഉള്ള മരുന്നുകൾ ലഭിക്കുകയുണ്ടായി ;

(സി) പ്രസ്തുത മരുന്നുകൾ കുട്ടികൾക്കും ഗർഭിണികൾക്കും വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ, എന്നു മുതലാണ് ഇത്തരം വിതരണം തുടങ്ങിയത് ;

(ഇ) ടി മരുന്ന് നാളിതുവരെ വിതരണം ചെയ്യാത്തപക്ഷം ആയതിനുള്ള കാരണം വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)** :

(എ) ഉണ്ട്.

(ബി) ഐ.എസ്.എം.കിറ്റ് നമ്പർ 1 എന്ന കിറ്റാണ് ലഭ്യമായിട്ടുള്ളത്. അതിൽ അർക്ക അജ്‌വിൻ, അർക്ക പുതിന, ബലരസായന ടാബ്ലറ്റ്, ക്ഷീരബലതൈലം, സൗഭാഗ്യ ശുൺഠി.എന്നീ 5 മരുന്നുകളാണുള്ളത്.

(സി) &(ഡി) വിതരണം ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഇ) ഒന്നാമത്തെ കിറ്റിലുള്ള മരുന്നുകൾ ഹെൽത്ത് സർവ്വീസിലുള്ള നേഴ്സുമാർ വഴി സബ്സെന്ററുകളിൽ വിതരണം ചെയ്യപ്പെടേണ്ടവയാണ്. ഇപ്രകാരമുള്ള വിതരണത്തിന് നേഴ്സുമാർക്കും ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും പരിശീലനം നൽകണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച് തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല. ഇതാണ് മരുന്നുവിതരണം ചെയ്യാൻ വന്ന കാലതാമസത്തിനു കാരണം.

## ഓംബുഡ്സ്മാന് ലഭിച്ച പരാതികൾ

*532. ശ്രീ. ടി.എച്ച് മുസ്തഫ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി.വി. ചന്ദ്രമോഹൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓംബുഡ്സ്മാനിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു ;

(ബി) എത്രയെണ്ണം തീർപ്പാക്കി;

(സി) ഏകാംഗ ഓംബുഡ്സ്മാന് ഒരു പരാതി തീർപ്പാക്കുവാൻ ശരാശരി എത്രകാലം വേണ്ടിവരുന്നുണ്ട് ?

**ഉത്തരം**
**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) സംസ്ഥാന ഓംബുഡ്സ്മാനിൽ 05.07.2003 വരെ 5215 പരാതികൾ ലഭിച്ചിട്ടുണ്ട്.
(ബി) 3881 കേസുകൾ തീർപ്പാക്കി.
(സി) 14 മാസം കൊണ്ട് 3881 കേസുകൾ തീർപ്പാക്കി.

**പാൻ മസാലയുടെ ഉപയോഗം കർശനമായി തടയാൻ നടപടി**

*0533. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(ബി) ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്ന പാൻമസാലയുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിന് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;
(സി) ഇത്തരം ലഹരി പദാർത്ഥങ്ങലുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുന്നതിന് വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):**

(എ) ഉണ്ട്.
(ബി) 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമപ്രകാരം പുകയില ചേർന്ന പാൻമസാല നിരോധിച്ചുകൊണ്ട് സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യവകുപ്പ് ഡയറക്ടർ രണ്ട് പ്രാവശ്യം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി. ഉത്തരവുകൾ നിയമത്തിന്റെ അപര്യാപ്തതകൾ കാണിച്ച് ബഹു. കേരള ഹൈക്കോടതി അസാധുവാക്കി. ഇതിനെ തുടർന്ന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് പാൻമസാല പോലെയുള്ള ലഹരി പദാർത്ഥങ്ങൾ നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
(സി) പാൻമസാല ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങളെപ്പറ്റി പൊതുജനങ്ങളെ പ്രത്യേകിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി ആരോഗ്യവകുപ്പിന്റേയും റീജിയണൽ ക്യാൻസർ അസോസിയേഷന്റേയും ആഭിമുഖ്യത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി ബോധവൽക്കരണം തുടർന്നും സംഘടിപ്പിക്കുവാൻ സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർക്കും, ഹെൽത്ത് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് .

**മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊുവരുന്ന നടപടികൾ**

534. ശ്രീ. ടി.കെ. ബാലൻ
ശ്രീ കെ.വി. കുഞ്ഞിരാമൻ
ശ്രീ മത്തായി ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ് ;
(ബി) മലിനീകരണം സൃഷ്ടിച്ച് പൊതുജനങ്ങൾക്ക് ഹാനികരമായ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരിൽ നടപടി കൈക്കൊള്ളാറുണ്ടൊ;
(സി) ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;
(ഡി) മലനീകരണം മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് സർക്കാർ രൂപം നൽകുമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) ജല വായു മലിനീകരണം തടയാൻ ജലമലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വായുമലിനീകരണ (നിവാരണവും എിയന്ത്രണവും) നിയമം 1981 എന്നീ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർന്ഡ് സ്വീകരിച്ചുവരുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണ നിയമവും അതനുസരിച്ച് ഉണ്ടാക്കിയ ഹസാർഡ്സ് വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് 1989, ബയൊമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 1998, റീസൈക്കിൾഡ് പ്ളാസ്റ്റിക്സ് മാനുഫാക്ചർ ആന്റ് യൂസേഴ്സ് റൂൾസ് 1999,

മുൻസിപ്പൽ സോളിഡ്സ് വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ് റൂൾസ് 2000, തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികളും എടുത്തുവരുന്നു. പ്രസ്തുത നിയമങ്ങളും ചട്ടങ്ങ്ളും പ്രകാരമുള്ള നിബന്ധനകൾ പാലിക്കുവാന വ്യവസായ ശാലകള , ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും അപാകതകൾ കാണുന്നപക്ഷം അത് ശ്രദ്ധയിൽ കൊണ്ടുവരികയും മുൻകരുതൽ നടപടികൾ സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുകയും ചെയ്തുവരുന്നു. ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമനടപടകളും കൈക്കൊള്ളുന്നുണ്ട്.

(ബി) ഉണ്ട്. ജലമലിപീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിലെ 33 എ (വകുപ്പു പ്രകാരവും വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിലെ 31 എ വകുപ്പുപ്രകാരവും സ്ഥാപനം അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുകയും, വിദ്യുച്ഛക്തി, ജലവിതരണംഎന്നിവ വിച്ഛേദിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദെശം നൽകുകയും കുറ്റക്കാരെ ശിക്ഷിക്കാൻ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു.

(സി) ജലനിയമപ്രകാരം 4 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെജലനിയമപ്രകാരം 8 സ്ഥാപനങ്ങൾക്കും വായ നിയമപ്രകാരം 47 സ്ഥാപനങ്ങൾക്കും അടച്ചുപൂട്ടൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നുണ്ട്.

## ആയുർവേദമരുന്നിന്റെ കയറ്റുമതി

535. ശ്രീ വർക്കല കഹാർ
ശ്രീ ടി.വി ചന്ദ്രമോഹൻ
ശ്രീ ടി.യു രാധാകൃഷ്ണൻ
ശ്രീ കെ.സി.വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)സംസ്ഥാനത്തുനിന്ന് ആയുർവേദ ഔഷധങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2002-03 ൽ എന്ത് വിലയ്ക്കുള്ള ആയുർവേദ ഔഷധങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി;

(സി) ആയുർവേദ മരുന്നിന്റെ കയറ്റുമതിയിൽ ഔഷധി യുടെ പങ്ക് എത്ര എന്ന് പറയാമോ;

(ഡി) വിദേശത്ത് ആയുർവെദ മരുന്നുകൾക്ക് പ്രോത്സാഹനം ലഭിക്കത്തക്കവിധം ഗവൺമെന്റ് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാവകുപ്പിൽ നിന്നോ ആയുർവേദ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നോ ആയുർവെദ മരുന്നുകൾ കയറ്റുമതി ചെയ്യുന്നില്ല.

(ബി) യും (സി) യും : (എ) പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒൗഷധ സസ്യങ്ങളുടെ അഭ്യന്തര ഉപയോഗവും കയറ്റുമതിയും ലക്ഷ്യമാക്കി കേന്ദ്ര ഔഷധ സസ്യബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാന ഔഷധ സസ്യബോർഡ് ഇത്തരം സസ്യങ്ങൾ നട്ടുവളർത്തുന്നതിന് വ്യക്തികൾക്കും ഇതര സംഘടനകൾക്കും ധനസഹായം നൽകുന്നുണ്ട്.

## പശ്ചാത്തല വികസനത്തിന് സ്വകാര്യ പങ്കാളിത്തം

536. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ എം.പി. ഗംഗാധരൻ
ശ്രീ ടി.എൻ. പ്രതാപൻ
കെ. ഐ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന് സ്വകാര്യ പങ്കാളിത്തം തേടാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാമേഖലകളിലാണ് അവയെ സ്വകാര്യ പങ്കാളിത്തം തേടുവാൻ അനുവദിച്ചിട്ടുള്ളത്;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തം തേടുന്നതിനുള്ള അനുവാദം നൽകേണ്ട അധികാരസ്ഥൻ ആരാണ്?

(എ) ഉണ്ട്.

(ബി) എല്ലാപശ്ചാത്തല സൗകര്യ വികസനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം തേടാവുന്നതാണ്.

(സി) സർക്കാർ

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസനത്തിൽ സ്വകാര്യ പങ്കാളിത്തം

537. ശ്രീ. കെ. അച്ചുതൻ
ശ്രീ വി.ബാലറാം
ശ്രീ വി.ഡി. സതീശൻ
ശ്രീമതി രാധാ രാഘവൻ
ശ്രീ എം.കെ. പോൾസൺമാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദെശ സ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന് സഹായിക്കാമെന്ന് സമ്മതിച്ചുകൊണ്ട് എത്ര സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടുവന്നിട്ടുണ്ട് ;

(ബി) എന്തെല്ലാം വ്യവസ്തകളുടെ അടിസ്ഥാനത്തിലാണ് ഇവർ സഹായം നൽകാമെന്നേറ്റിട്ടുള്ളത്;

(സി) ഇതുവരെ ഏതെങ്കിലും തദ്ദെശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന പദ്ധതിയിൽ ആരുടെയെങ്കിലും സ്വകാര്യ പങ്കാളിത്തം നേടാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) തദ്ദെശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതത്തോടുകൂടി പ്രോജക്ടുകൾ നടപ്പിലാക്കാൻ 16 സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. (ജിം-ൽ വച്ച) .

(ബി) മേൽപ്പറഞ്ഞ 16 സ്ഥാപനങ്ങൾ സമർപ്പിച്ച പ്രോജക്ടുകളിൽ 11 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. വ്യവസ്ഥകൾക്ക് അന്തിമരൂപം നൽകിയിട്ടില്ല. നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളു.

(സി) & (ഡി) തിരുവനന്തപുരം നഗരസഭയുടെ വിളപ്പിൽ ശാല മാലിന്യ സംസ്ക്കരണ ശാലയും വിശാല കൊച്ചി വികസന അതോറിട്ടിയുടെ ട്ടൊഞ്ചേരി പാലവും ബി.ഒ.റ്റി വ്യവസ്ഥയില സ്ഥാപിച്ചിട്ടുളളതാണ്. തിരുവനന്തപുരത്ത് സുലഭ ഇന്റർ പബ്ളിക് യൂട്ടിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പോലീസിന്റെ പ്രവർത്തനം വിലയിരുത്താൻ സംവിധാനം

538. ശ്രീ. പി.സി. ജോർജ്
ശ്രീ ടി.കെ. ദേവകുമാർ
ശ്രീ കെ.വി.കുഞ്ഞിരാമൻ
ശ്രീ വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം വിലയിരുത്താൻ സർക്കാർ പ്രത്യേകബോർഡ് രൂപീകരിക്കുവാൻ ഉദ്ദെശിക്കുന്നുണ്ടൊ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമേ.;

(സി) പോലീസിന് ഇന്ന് നൽകിയിരിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം അതിരുകടന്നതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ഡി) പോല്ലീസിന്റെ കുറ്റാന്വേഷണ് നിരീക്ഷണം നീതി നിർവ്വഹണം എന്നിവയിൽ നിന്ന് ജനങ്ങൾക്ക് തൃപ്തികരമായ നിയമപരിപാലനം ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) നവീകരണത്തിന്റെ ഭാഗമായി പോലീസുകാർക്ക് ഇന്ന് നൽകുന്ന ട്രെയിനിംഗിന്റെ സിലബസ് പരിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടൊയന്ന് വ്യക്തമാക്കുമോ;

(ജി) പ്രോസിക്യൂഷന്റെ നടപടികളിലുണ്ടാകുന്ന പാളിച്ചകൾ തിരുത്തുന്നതിനും കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) യും (ബി) യും : പോലീസിന്റെ പൊതുവായ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

(സി) ക്രമസമാധാനരംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് നിക്ഷ്പക്ഷവും സത്യസന്ധമായും പ്രവർത്തിക്കാനുളള സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുവഴി ക്രമസമാധാന പ്രശ്നങ്ങൾ യഥാവിധി ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ ഉളള ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിക്കളണ്ട്.. സംസ്ഥാന പോലീസ് കുറ്റാന്വേഷണം, നിരീക്ഷണം., നീതി നിർവ്വഹണം എന്നിവയിൽ നിക്ഷ്പക്ഷവും സത്യസന്ധവും നീതിയുക്തവുമായ നിയമപരിപാലനമാണ് ജനങ്ങൾക്ക് നൽകിവരുന്നത്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലുളള സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലാണ്.

(ഇ) മോഷണം, പിടിച്ചുപറി മുതലായ പ്രോപ്പർട്ടി സംബന്ധമായ കേസുകൾക്ക് മതിയായ പരിഗണന ലഭിക്കുന്നതിന് പരീക്ഷണാർത്ഥം തിരുവനന്തപുരം സിറ്റിയിലെ എല്ലാപോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനവും രണ്ട് വിഭാഗമാക്കിയിട്ടുണ്ട്

(എഫ്) സിലബസ് പരിഷ്ക്കരിക്കുന്നതിനുളള നടപടികൾ നടന്നുവരുന്നു.

(ജി) പ്രോസിക്യൂഷൻ നടപടികളിൽ പ്രോസിക്യൂട്ടറെ സഹായക്കാനുളള നിർദ്ദേശം പോലീസ് വകുപ്പിലെ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സമർത്ഥരായ പ്രൊസിക്യൂട്ടർമാരെ നിയമിക്കുന്നതിന് നിലവിലുളള നിയമന വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും അവരുടെ പ്രവർത്തനം വേണ്ട വിധത്തിൽ വിലയിരുത്തുന്നതിനുമുളള സംവിധാനം ഏർപ്പെടുത്തുന്നതും പരിഗണിക്കുന്നതാണ്..

## ലക്ഷം വീട് പദ്ധതി പ്രകാരം നൽകിയ വീടുകൾ

539. ശ്രീ. വി.ജെ. പൗലോസ്
പ്രൊഫ. സാവിത്രി ലക്ഷ്മണൻ
ശ്രീ എ.ഡി. മുസ്തഫ
ശ്രീ ഡി. സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലക്ഷം വീട് പദ്ധതിപ്രകാരം നൽകിയതും കാലപ്പഴക്കം കൊണ്ട് നാശോൻമുഖമായി കിടക്കുന്നതുമായ വീടുകൾ പുതുക്കി പണിതുകൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുളള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) &(ബി) ഉണ്ട്. ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നരിനോ അറ്റകുറ്റപ്പണി ചെയ്യുന്നതിനോ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവാദം നൽകിയിട്ടുണ്ട്. അതുപ്രകാരം പുനരുദ്ധാരണ പ്രവർത്തികൾക്കും അറ്റകുറ്റപ്പണികൾക്കും പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 5000 രൂപവരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10000 രൂപ വരെയും പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. വീടുകളുടെ മേൽക്കൂര മാറ്റുന്നതുൾപ്പെടെയുളള ഗുണമേൻമ പ്രവൃത്തികൾക്ക് എല്ലാ വിഭാഗത്തിനും 7500 രൂപ വരെയും സബ്സിഡി നൽകാവുന്നതാണ്.ന്ന നിലവിലുളള ലക്ഷം വീട് പുതുക്കി പണിയാൻ സാധിക്കാത്താണെങ്കിൽ അർഹരായ കുടുംബങ്ങൾക്ക് പുതിയ വീട് നൽകുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

## സബ്രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി

540. ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സബ്രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആഫീസുകളിൽ നിലനിൽക്കുന്ന കൈക്കൂലിയും മറ്റ് അഴിമതികളും ഇല്ലാതാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വസ്തു രജിസ്ട്രേഷനിലും മറ്റു നടപടികളിലും ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനുളള മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) കാലതാമസമാണ് പലപ്പോഴും അഴിമതിയ്ക്ക് കാരണമാകുന്നത്. കാലതാമസം ഒഴിവാക്കാൻ സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിലെ എല്ലാ ആഫീസുകളും സമയബന്ധിതമായി കംപ്യൂട്ടറൈസ് ചെയ്യുന്ന നടപടി പുരോഗമിച്ചുവരുകയാണ്. കൈക്കൂലിയും മറ്റ് അഴിമതികളും ഇല്ലാതാകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 30 സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിൽൻസ് വകുപ്പ് റെയ്ഡ് നടത്തുകയും അതിന്റെ ഭാഗമായി 30 ജീവനക്കാരെ സർവീസിൽ നിന്ന് സസ്പെന്റ്

ചെയ്യുകയുമുണ്ടായി. കൂടാതെ 111 ജീവനക്കാരുടെ പേരിൽ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു.

(സി) ഇടനിലക്കാർ ആഫീസുകൾക്കുള്ളിൽ കടന്നുവരാൻ പാടില്ല എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ ഉദ്ദ്യോഗസ്ഥൻമാർക്ക് പണമോ പാരിതോഷികമോ നൽകരുത് എന്ന് എല്ലാ ആഫിസുകൾക്കു മുൻപിലും വിജിലൻസ് ഡയറക്ടറുടെ അറിയിപ്പായി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

## ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകൾ

541. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ
ശ്രീ പ്രയാർ ഗോപാലകൃഷ്ണൻ
ശ്രീ ലൂഡി ലൂയിസ്
ശ്രീ എ. സുജനപാൽ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ നഗരസഭകളിൽ എവിടെയെല്ലാം ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്;

(സി) ഈ പദ്ധതിയ്ക്ക് ആരിൽനിന്നെല്ലാം സഹകരണവും ധനസഹായവും ലഭിക്കുന്നുണ്ട് ?

**ഉത്തരം**
**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ദാരിദ്ര്യനിർമ്മാർജ്ജന പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു.

(ബി) നഗര സ്വയം തൊഴിൽ പരിപാടി, ഭവന നിർമ്മാണം, പുനരുദ്ധികരണം എന്നിവയ്ക്കു പുറമേ കുടിവെള്ളം കക്കൂസ് ഓടകൾ ചെറിയ പാലങ്ങൾ കലുങ്കുകൾ പൊതു കെട്ടിടങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ലൈബ്രറികൾ വഴിവിളക്കുകൾ തുടങ്ങിയ ചേരി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്ള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായവും സഹകരണവും ലഭിക്കുന്നുണ്ട്.

കൊച്ചി നഗര രാരിദ്ര്യ ലഘൂകരണ പദ്ധതിയ്ക്ക് ബ്രിട്ടീഷ് സർക്കാരിന്റെ ധനസഹായമുണ്ട്.

## ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയാൻ നടപടി

542. ന്ശ്രീ. തോസ് ഉണ്ണിയാടൻ
ശ്രീ സ്റ്റീഫൻ ജോർജ്
ശ്രീ ജോസഫ് എം. പുതുശ്ശേരി
ശ്രീ മാമ്മൻ മത്തായി; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചാക്കരിയിൽ മായം ചേർത്ത് കുത്തരിയാക്കി വിൽക്കുന്ന വസ്തുത ശ്രദ്ധയിലപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരിയിൽ മായം ചേർത്ത് വിൽപ്പന നടത്തിയ കേസുകൾ പിടിച്ചിട്ടുണ്ടെന്നും ഇതിൻൽേ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) മാരക രോഗങ്ങൾക്ക് കാരണമായേക്കാവുന്ന ഭക്ഷ്യമായണങ്ങളും നിറങ്ങളും ഭക്ഷ്യ വസ്തുക്കളിൽ ചേർക്കുന്നത് തടയുന്നതിന് കർശനമായ നടപടി കൈക്കൊള്ളുമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള 1112 സാമ്പിളുകൾ പരിശോധിച്ചതിൽ 4 സാമ്പിളുകൾ മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. 1954 ലെ കേന്ദ്ര ഭക്ഷ്യമായംചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കും പ്രകാരം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച1ചിട്ടുണ്ട്.

(സി0 1954 ലെ കേന്ദ്ര ഭക്ഷ്യമായം ചേല്ർക്കൽ നിരോധന നിയമവും ചട്ടവും പ്രകാരവും 1957 ലെ കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടവും പ്രകാരം ഇതു തടയുന്നതിന് കർശനമായ നടപടി കൈക്കൊണ്ടുവരുന്നു.

## സമഗ്ര പരിസ്ഥിതി നയം

543. ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ വി.കെ. ചന്ദ്രൻ
ശ്രീ രാജു എബ്രാഹം
ശ്രീ.പി.സി. ജോർജ്ജ് ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര വിസനത്തിനും ഉതകുന്ന ഒരു പരിസ്ഥിതി നയം ആവശ്യമാണന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്ന നയം കേരളത്തിന്റെ പരിസ്ഥിതിയെയും പ്രകൃതി വിഭവങ്ങളെയും തൊഴിലാളികളുടെ താൽപ്പര്യങ്ങളെവയും തകർക്കാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(സി) പ്രകൃതി വിഭവങ്ങൾ അനധികൃതമായി ചൂഷണം ചെയ്യപ്പെടുന്നതിനെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ സ്വീകരിച്ചുവരുന്ന നയം തിരുത്തിക്കൊണ്ട് സമഗ്രമായൊരു പരിസ്ഥിതി നയം രൂപീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം:**

**ശ്രീ. എ.കെ. ആന്റണി(മുഖ്യമന്ത്രി)**

(എ) ഉണ്ട്.

(ബി), (സി) & (ഡി) സംസ്ഥാന സർക്കാരിന്റെ സമഗ്ര പരിസ്ഥിതി നയത്തിന്റെ കരടുരൂപം മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങൾക്കായി അയച്ചിട്ടുണ്ട്. ഇത് മന്ത്രി സഭയുടെ അംഗീകാരത്തിനായി അംഗീകാരത്തിനായി സമർപ്പിക്കുന്നുണ്ട്. പ്രസ്തുത നയത്തിൽ പ്രക,തി വിഭവങ്ങളുടെ അമിതചൂഷണം തടയാനും പ്രകൃതിയുടെ വിവിധവശങ്ങളെ കോർത്തിണക്കുന്ന മേഖലകളില എല്ലാംതന്നെ ഭാവി തലമുറയെ കൂടി കണക്കിലെടുത്തുകൊണ്ടുള്ള സുസ്ഥിതവികസനം (ടൗമേശിമയഹല ഉല്ലഹീുാലിേ ) നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത നയം വേണ്ട രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാലപദ്ധതികളും പ്രത്യേകമായി തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പാരിസ്ഥിതിക അനുമതി നൽകാര്ല്ൻ കഴിയുന്ന അധികാര പരിധി നിർണ്ണയിക്കാനുള്ള നിർദ്ദെശങ്ങളും പ്രസ്തുത കരടുരേഖയിലുണ്ട്. മലിനീകരണ നിയന്ത്രണം കുടുതൽ ഫലവത്താക്കാനുള്ള മുന്നോടി ആയതിന് പ്രതേയക പരിഗണന നൽകുന്നുണ്ട്.

## ശാസ്ത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നേടിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനം

544 ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ.ഇസ്ഹാക്ക് കുരുക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി.-ആർ.എൽ.ഇ.ജി.പി. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എം.ജി.എസ്.വൈ.ലോ എസ്.ജി.ആർ. വൈ ലോ എന്തെങ്കിലും സ്കീം ഇതിനുവേണ്ടി നടപ്പാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് ( ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ):**

(എ) സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കുന്ന വില്ലേജ് റോഡ് മെയിന്റനൻസ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്തെ നിലവിലുള്ള ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുളല സംവിധാനമുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി ജില്ലാകളക്ടർമാരാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) പി.എം.ജി എസ്.വൈ പൂർണ്ണമായും പുതിയ റോഡുകൾ നിർമ്മിക്കുന്തിനുള്ള പദ്ധതിയാണ് എസ്.ജി.ആർ.വൈ പദ്ധതിയനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിഹിതത്തിന്റെ 15% ഗ്രാമീണ മേഖലകളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള സാമൂഹ്യ ആസ്തികളുടെ പരിപാലനത്തിനായി നീക്കിവെക്കാനുള്ള വ്യവസ്ഥ നിലവിലുണ്ട്..

## എയിഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ

545 ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. ജോസഫ് എം.പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള പ്രൊജക്ടുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) ഈ പ്രൊജക്ടുകളുടെ മേൽനോട്ടം ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്നും ആയതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭിക്കുന്നതെന്നും പ്രസ്തുത ഏജൻസിയുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) എയിഡ്സ് പ്രതിരോധത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ആയതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നും വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ.പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി )**

(എ) സംസ്ഥാന എയിഡ്സ് കണ്ട്രോൾ സൊസൈറ്റിയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രോജക്ടുകളിൽ ഭൂരിഭാഗവും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് മാനേജ്മെൻറ് ഏജൻസിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 6 പ്രോജക്ടുകൾ എയിഡ്സ് കൺട്രോൾ സൊസൈറ്റി നേരിട്ട് നടത്തുന്നു. സൊസൈറ്റി നേരിട്ട് നടത്തുന്ന പ്രോജക്ടുകൾക്കുള്ള തുക ലോകബാങ്കിൽ നിന്നും മറ്റുള്ളവയ്ക്ക് ബ്രിട്ടീഷ് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്പ്മെൻറിൽ നിന്നുമാണ് ലഭിക്കുന്നത്. ഈ രണ്ട് തുകകളും ഭാരത സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ നാഷണൽ എയിഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വഴിയാണ് ലഭിക്കുന്നത്.

എച്ച്.ഐ.വി അണുബാധ ഉണ്ടാകാൻ കൂടുതൽ സാദ്ധ്യതയുള്ള ജനവിഭാഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളുടെ ഏകോപനം അവയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, ശരിയായ സേവനം നൽകാൻ പ്രാപ്തരാകുവാനുള്ള പരിശീലനം നൽകൽ, മറ്റ് ഏജൻസികളുമായുള്ള സഹകരണം, കണക്കുകളുടെ പ്രാഥമീക പരിശോധന, വാർഷിക ഓഡിറ്റ് എന്നിവയാണ് സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയുടെ ചുമതലകൾ. കൂടാതെ പ്രോജക്ടുകൾ കാലക്രമേണ സ്വയം പര്യാപ്തമാകാനുള്ള ചുറ്റുപാടുകൾ ഉണ്ടാക്കുക എന്നതും എസ്.എം.എയുടെ ചുമതലയിൽപ്പെടുന്നു.

(സി) കേരളത്തിൽ എയിഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. 1999-ൽ എയിഡ്സ് കൺട്രോൾ സൊസൈറ്റി നിലവിൽ വന്ന ശേഷം നാളിതുവരെ 3,135 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഗോ ശ്രീ പദ്ധതി

546 ശ്രീ.ടി.യു.രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോ ശ്രീ പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് ഉൾക്കൊള്ളുന്നത് ;
(ബി) ഇതിനു വേണ്ട മതിപ്പു ചെലവെത്രയാണ് ;
(സി) പ്രസ്തുത തുക എപ്രകാരമാണ് കണ്ടെത്തുന്നത് ;
(ഡി) ഈ പദ്ധതിയുടെ എത്ര ശതമാനം പണി പൂർത്തിയാക്കി ;
(ഇ) ശേഷിക്കുന്ന പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി )** :

(എ) 25 ഹെക്ടർ കായൽ നികത്തി, എറണാകുളത്തെ വൈപ്പിനുമായി ബന്ധിപ്പിക്കുന്ന 3 പാലങ്ങൾ, അനുബന്ധ റോഡുകൾ, നികത്തുഭൂമിയിലെ റോഡ് ശൃംഖല മുതലായവയുടെ നിർമ്മാണം എന്നിവയാണ് ഗോ ശ്രീ പദ്ധതിയിൽ ഉൾപ്പെടുന്ന പരിപാടികൾ.

(ബി) 84 കോടി രൂപ.

(സി) ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്ന് കടമെടുത്താണ് പണി നടത്തുന്നത്. നികത്തിയ സ്ഥലം വിറ്റ് കിട്ടുന്ന പണം ഉപയോഗിച്ച് പ്രസ്തുത കടം വീട്ടുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഇപ്പോൾ 60% പണി പൂർത്തിയാക്കി.

(ഇ) 2003 ഡിസംബർ 31-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**വികസന പദ്ധതികൾ സംബന്ധിച്ച സാദ്ധ്യതാ പഠനത്തിനുള്ള കൺസൽട്ടന്റുമാരുടെ നിയമനം**

547. ശ്രീമതി. മേഴ്സി രവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. എ.പി.അനിൽകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് സ്വകാര്യ സഹായം നേടുന്നതിന് ബന്ധപ്പെട്ട പദ്ധതികളുടെ സാദ്ധ്യതാ പഠനത്തിന് കൺസൽട്ടന്റുമാരെ നിയോഗിക്കേണ്ടതുണ്ടോ ;

(ബി) അതിന് സ്വകാര്യ വ്യക്തികളേയും സ്ഥാപനങ്ങളേയുമാണോ അതോ ഗവണ്മെൻര് ഉദ്യോഗസ്ഥരേയാണോ നിയോഗിക്കേണ്ടത് ;

(സി) സ്വകാര്യ വ്യക്തികളേയും സ്ഥാപനങ്ങളേയുമാണ് കൺസൽട്ടന്റായി നിയോഗിക്കേണ്ടതെങ്കിൽ അതിന് യോജിച്ച വ്യക്തികളേയും സ്ഥാപനങ്ങളേയും ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം കൺസൽട്ടന്റായി നിയമിക്കാൻ പറ്റിയവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുമോ

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള ( തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി ) :**

(എ) , (ബി) & (സി) സ്വകാര്യ നിക്ഷേപം ഉറപ്പാക്കത്തക്ക ഘടകങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടു തയ്യാറാക്കാൻ സർക്കാർ കൺസൽട്ടൻസിയായ ഐ.സി.ഐ.സി.ഐ.-കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**ഖാദി ബോർഡിൽ നിന്ന് നൽകുന്ന ലോണുകൾ**

548 ശ്രീ. ഇ.എം.അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ബോർഡിൽനിന്നും ഏതെല്ലാം ലോണുകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ ലോൺ വാങ്ങുന്നവർ പണം തിരികെ അടയ്ക്കുമ്പോൾ രസീത് നൽകാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ;

(സി) രസീത് നൽകുവാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ;

(ഡി) രസീത് നൽകാത്തത് കാരണം ഉദ്യോഗസ്ഥർ പണം തിരിമറി നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പണം തിരിമറി നടത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ തുടരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇത്തരത്തിൽ പല കേസുകളും നിലവിൽ ഉണ്ടായിട്ടും എന്തുകൊണ്ടാണ് രസീതു നൽകുവാൻ നടപടി കെക്കൊള്ളാത്തതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് ( ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ):**

(എ) ഖാദി ബോർഡിൽനിന്നും ഇപ്പോൾ നേരിട്ട് ലോണുകളൊന്നും നൽകുന്നില്ല. എന്നാൽ പ്രോജക്ടു തുകയുടെ 25% മുതൽ 30% വരെ മാർജിൻ മണി ഗ്രാന്റോടുകൂടി ബാങ്ക് വായ്പ ലഭ്യമാക്കുന്നു. 1994-95 വരെ ഖാദി കമ്മീഷന്റെ പാറ്റേൺ സ്കീം പ്രകാരവും 1995-96 മുതൽ 2000-2001 വരെ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി പ്രകാരവും ലോൺ നൽകിയിട്ടുണ്ട്.

(ബി) 1994 വരെ ബോർഡിൽ നിലവിലിരുന്ന പാറ്റേൺ പദ്ധതിയുടെ തിരിച്ചടവ് അതാത് ജില്ലാ ട്രഷറികളിൽ ചലാൻ മുഖേനെ സെക്രട്ടറിയുടെ പി.ഡി.അക്കൗണ്ടിലും 1995-96 മുതലുള്ള കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി പ്രകാരമുള്ള തിരിച്ചടവ് സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായുമാണ് സ്വീകരിക്കുന്നത്. ബോർഡിന്റെ ഹെഡ് ഓഫീസിൽ മാത്രമേ തിരിച്ചടവ് തുക പണമായി സ്വീകരിക്കാറുള്ളു. ആയതിന് രസീതി നൽകാറുണ്ട്. മാർജിൻമണി പദ്ധതി പ്രകാരമുള്ള തിരിച്ചടവ് ബാങ്ക് മുഖേനെയാണ്.

(സി) മേൽ പറഞ്ഞ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ), (എഫ്) & (ജി) ചോദ്യം ഉദിക്കുന്നില്ല.

## താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് മാനസീകാരോഗ്യ ചികിത്സാ വാർഡുകൾ

549. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ.നാരായണക്കുറുപ്പ് :
ശ്രീ.തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് മാനസികാരോഗ്യ ചികിത്സാ വാർഡുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റുകളുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഈ വാർഡുകളുടെ പ്രവർത്തനം മുഖേനെ മാനസികാരോഗ്യ രംഗത്ത് എത്രമാത്രം നേട്ടം കെവരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത മാനസീകാരോഗ്യ ചികിത്സാവാർഡുകളുടെ സേവനം ജനങ്ങൾക്ക് പരമാവധി ലഭ്യമാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുമോ ?

**ഉത്തരം**

**ശ്രീ.പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി )**

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയനുസരിച്ച് സ്ഥിരനിയമനം നടത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള മാനസീകാരോഗ്യ നയം അനുസരിച്ച് മനോ രോഗ ചികിത്സാ സൗകര്യം സാമൂഹിക തലത്തിൽ എത്തിക്കുന്നതിലേക്കുള്ള ഒരു പ്രധാന ചുവടുവയ്പാണിത്. മനോ രോഗ ചികിത്സക്ക് വേണ്ടി മാനസീകാരോഗ്യ കേന്ദ്രങ്ങളേയും മെഡിക്കൽ കോളേജുകളേയും ജില്ലാ ആശുപത്രികളേയും ആശ്രയിക്കേണ്ടി വരുന്ന ഇപ്പോഴുള്ള അവസ്ഥ ഒരു പരിധി വരെ ഇതുമൂലം പരിഹരിക്കുവാൻകഴിയും. ആധുനിക മാനസീകാരോഗ്യ ചികിത്സ സംപ്രദായത്തിന്റെ പ്രയോജനം ഇടത്തരം ആശുപത്രികൾ മുഖേനെ ലഭിക്കുന്നത് വഴി സാധാരണക്കാരായ രോഗികൾക്ക് അവരുടെ സ്വന്തം സ്ഥലത്തു തന്നെ മെച്ചപ്പെട്ട ചികിത്സക്ക് വിധേയമാകാൻ സഹായകമാകും.

(ഡി) വാർഡുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ബോധവൽക്കരണ പരിപാടികൾ നടത്തുന്ന കാര്യം ആലോചിച്ചു വരുന്നു.

## അന്തർസംസ്ഥാന നദീജല കരാറുകൾ

550 ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ വിളിച്ചുചേർത്ത അഖിലകക്ഷി യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തമിഴ്നാടുമായുള്ള നദീജല കരാറുകളിലെ വ്യവസ്ഥകൾ തമിഴ്നാടു തന്നെ ലംഘിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പറമ്പിക്കുളം - അളിയാർ കരാർ പുതുക്കുന്നതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു സ്റ്റേജിലിരിക്കുന്നു ;

(ഇ) ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി ) :**

(എ)അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ വിളിച്ചു ചേർത്ത അഖിലകക്ഷി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് :

പറംപിക്കുളം - ആളിയാർ പദ്ധതി പുനരവലോകനം ചെയ്യാൻ ഉണ്ടാക്കിയ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൻമേൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്. മുക്കാലിയിലെ തടയണ

നിർമ്മാണ പ്രശ്നത്തിൽ ഒന്നുകൂടി ആലോചിച്ച ശേഷം തീരുമാനം എടുക്കുന്നതാണ്. നദീജല സംരക്ഷണം സംസ്ഥാനത്തിന്റെ പ്രമുഖ ലക്ഷ്യമായി കാണുന്നതാണ്. വകുപ്പുകളിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരുടെ സ്ഥിരത ഉറപ്പു വരുത്തുന്നതാണ്. നദീജല സംയോജനത്തിനെതിരെ നിയമസഭ പ്രമേയം പാസ്സാക്കുന്ന കാര്യം പരിഗണിക്കുന്താണ്. കേരളത്തിന്റെ ജലസംപത്ത് സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണം ഒട്ടും വൈകാതെ തന്നെ നടത്തേണ്ടതാണെന്നും തീരുമാനിച്ചു.

(ബി) 1970-ലെ പറംപിക്കുളം - ആളിയാർ പദ്ധതിക്കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ കാലാകാലങ്ങളിൽ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും തന്നെ കരാർ ലംഘനങ്ങളല്ലെന്ന നിലപാടാണ് തമിഴ്നാട് സ്വീകരിച്ചിട്ടുള്ളത്.

(സി) & (ഡി) പറംപിക്കുളം - ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതു സംബന്ധിച്ച് നിയോഗിച്ച സാങ്കേതിക സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.റിപ്പോർട്ട് പരിശോധിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

## പോലീസിന്റെ പ്രവർത്തനം അവലോകനം ചെയ്യാൻ പ്രത്യേക ബോർഡ്

551 ശ്രീ.എൻ.ശക്തൻ :
ശ്രീ.വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രവർത്തനം അവലോകനം ചെയ്യാൻ പ്രത്യേക ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഈ ബോർഡ് എന്നത്തേക്ക് രൂപീകരിക്കുമെന്നും ഇതിന്റെ ഘടന എന്തായിരിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ അനുദ്യോഗസ്ഥന്മാർ മാത്രമേ ഉണ്ടാകുകയുള്ളോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ബോർഡിന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്താണെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി ) :**

(എ) , (ബി) , (സി) & (ഡി) പോലീസിന്റെ പൊതുവായ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു സംവിധാനം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമരൂപം ആയിട്ടില്ല.

## ബിൽഡിംഗ് റൂൾ ലംഘിച്ച് നിർമ്മിച്ച ഭവനങ്ങൾക്ക് നിയമസാധുത നൽകാൻ നടപടി

552. ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പഞ്ചായത്ത് രാജ് നിയമപ്രകാരം ബിൽഡിംഗ് റൂൾസ് ലംഘിച്ച് നിർമ്മിച്ച ഭവനങ്ങൾക്ക് നിയമസാധുത നൽകാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) 3,5,10 സെന്റുകൾ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയിൽ പണിത വീടുകൾക്ക് ഇക്കാരണം കൊണ്ട് വീട്ട് നംപർ ബന്ധപ്പെട്ട പഞ്ചായത്തുകൾ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ പ്രശ്നത്തിന് പരിഹാരം കാണുവാൻ വേണ്ട നടപടികൽ സ്വീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള ( തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി ) :**

(എ) & (ബി) കേരള പഞ്ചായത്തരാജ് ആക്ടിലേയോ കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 15.10.99-ന് മുൻപ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടങ്ങളെ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുവാൻ 1999-ലെ കേരള ബിൽഡിംഗ് (റഗുലേഷൻ ഓഫ് അണോതറൈസ്ഡ് കൺസ്ട്രക്ഷൻ ആന്റ് ലാന്റ് ഡെവലപ്പ്മെന്റ് ) ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള 6615/2000 നംപർ ഓ.പിയിലെ വിധി തീർപ്പിന് കൂടി വിധേയമായിട്ടാണ് ഇപ്രകാരം ക്രമവൽക്കരണം നടത്തുന്നത്.

(സി) നിയമം ലംഘിച്ച് 15.10.99-ന് ശേഷം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നിയമ സാധുത നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. അതേ സമയം അനഃധികൃതമായി നിർമ്മിച്ചതും വാസഗൃഹമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിനും, വെള്ളം, വൈദ്യുതി, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിനും മാത്രമായി ഒരു താല്ക്കാലിക നംപർ നൽകുവാൻ 15.01.2003ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## എൻഡോസൾഫാൻ കീടനാശിനി തളിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ

553 ശ്രീ. എം.കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ കശുമാവിൻതോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി തളിച്ചതിന്റെ ഫലമായി പ്രസ്തുത പ്രദേശത്തെ ജനങ്ങളിൽ വ്യാപകമായി ബാധിച്ചിട്ടുള്ള വളർച്ചക്കുറവ്, ബുദ്ധിമാന്ദ്യം തുടങ്ങിയ അപൂർവ രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗികളുടെ ചികിത്സക്കായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) വളരെ ഗൗരവമായ ആരോഗ്യ പ്രശ്നമെന്ന നിലയിൽ പ്രസ്തുത രോഗികളുടെ വിദഗ്ധ ചികിത്സക്കായി ഗവണ്മെന്റ് എന്തെങ്കിലും അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ.പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി )**

(എ)ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത രോഗങ്ങൾക്ക് എൻഡോസൾഫാൻ കീടനാശിനി പ്രയോഗവുമായി ബന്ധമുളലതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

(ബി) പരാതിയുള്ള സ്ഥലങ്ങളിൽ സർവേ നടത്തി രോഗബാധിതരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽക്യാംപുകൾ നടത്തി രോഗനിർണ്ണയവും ചികിത്സയും നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ആരോഗ്യ പ്രശ്നങ്ങൾ, നിവാരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുവാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ഏരിയൽ സ്പ്രേ ഈ പ്രദേശങ്ങളിൽ നിർത്തിവെയ്ക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.